കേരള സർക്കാർ

സംഗ്രഹം

തദ്ദേശ സ്വയംഭരണ വകുപ്പ് - തൃശ്ശൂർ ജില്ലാ പഞ്ചായത്ത് നടപ്പാക്കിയ സമ്പൂർണ്ണ പാർപ്പിട പദ്ധതി- തൃശ്ശൂർ ജില്ലാ പഞ്ചായത്ത് ഹഡ്കോയ്ക്ക് അടയ്ക്കുവാനുള്ള വായ്പയുടെ മുതലും പലിശയും ഒടുക്കുന്നതിന് ബന്ധപ്പെട്ട തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ വികസന ഫണ്ടിൽ നിന്നും അടക്കുവാനുള്ള നിർദ്ദേശം നൽകി ഉത്തരവാകുന്നു.

തദ്ദേശ സ്വയംഭരണ (ഡിബി) വകുപ്പ്

സ.ഉ (സാധാ) നം. 2752/16/തസ്വഭവ തിരുവനന്തപുരം, തീയതി : 27.09.2016

പരാമർശം -
1. സ.ഉ.(സാധ)നം. 31/13/തസ്വഭവ തീയതി 4/1/2013
2. സ.ഉ.(സാധ)നം. 219/13/ തസ്വഭവ തീയതി 28/1/2013
3. സ.ഉ.(സാധ)നം.2161/2014/തസ്വഭവ തീയതി 20-08-2014.
4. ഹഡ്കോ ഡപ്യൂട്ടി ജനറൽ മാനേജരുടെ 7-9-2016 - ലെ No. HUDCO/TRO/AGP/ 13/2016-17 നമ്പർ കത്ത്.

ഉത്തരവ്

തൃശ്ശൂർ ജില്ലാ പഞ്ചായത്ത് നടപ്പിലാക്കിയ സമ്പൂർണ്ണ ഭവനപദ്ധതിയിൽ തൃശ്ശൂർ ജില്ലാ പഞ്ചായത്ത് ഹഡ്കോയ്ക്ക് തിരിച്ചടയ്ക്കാനുള്ള വായ്പയുടെ മുതലും പലിശയും ഒടുക്കുന്നത് സംബന്ധിച്ച മാർഗ്ഗരേഖ പരാമർശം (1), (2) പ്രകാരം പുറപ്പെടുവിച്ചിരുന്നു. മേൽ ഉത്തരവുകൾ പ്രകാരം വളരെ കുറച്ച് തുക മാത്രമേ ഹഡ്കോയ്ക്ക് ലഭ്യമായിട്ടുള്ളു. തുടർന്ന് പരാമർശം 3 പ്രകാരം 11 ഗ്രാമ/ബ്ലോക്ക് പഞ്ചായത്തുകൾ തിരിച്ചടയ്ക്കാൻ കുടിശ്ശിക വരുത്തിയിട്ടുള്ള തുക പഞ്ചായത്ത് /നഗരകാര്യ ഡയറക്ടർ, ഗ്രാമവികസന കമ്മീഷണർ, ബന്ധപ്പെട്ട പഞ്ചായത്തുകളുടെ പദ്ധതി തുകയിൽ കുറവു വരുത്തി ഹഡ്കോയ്ക്ക് തിരിച്ചടവാക്കണമെന്ന് ഉത്തരവായിരുന്നു. പ്രസ്തുത ഉത്തരവ് പ്രകാരം മുഴുവൻ തുകയും ഹഡ്കോയ്ക്ക് തിരിച്ചടയ്ക്കുവാൻ പഞ്ചായത്തുകൾക്ക് കഴിയാതിരുന്നതിനാൽ 30-9-2016 വരെ 286.158 ലക്ഷം രൂപ കുടിശ്ശികവരികയും ആയത് വൺ ടൈം സെറ്റിൽമെന്റിലൂടെ 57.88 ലക്ഷം രൂപയായി നിജപ്പെടുത്തി തിരിച്ചടയ്ക്കാവുന്നതാണ് എന്ന് പരാമർശം (4) പ്രകാരം ഹഡ്കോ അറിയിച്ചിട്ടുണ്ട്.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. അനുബന്ധമായി ചേർത്തിരിക്കുന്ന പട്ടികയിൽ ഹഡ്കോയ്ക്ക് തിരിച്ചടയ്ക്കാൻ ബാക്കിയുള്ള പഞ്ചായത്തുകൾ അവരുടെ വികസന/തനത് ഫണ്ടിൽ നിന്നും പ്രസ്തുത തുക ഹഡ്കോയ്ക്ക് അടവാക്കേണ്ടതാണ്.

1. അനുബന്ധം (1) പ്രകാരമുള്ള പട്ടികയിലെ ക്രമ നം. ഒന്നായ മറ്റത്തൂർ ഗ്രാമപഞ്ചായത്ത് അടയ്ക്കുവാനുള്ള 45.8825 ലക്ഷം രൂപയിൽ പഞ്ചായത്തിന്റെ കൈവശമുള്ള 15 ലക്ഷം രൂപ കുറച്ച് ബാക്കി തുകയും 2 മുതൽ 5 വരെയുള്ള പഞ്ചായത്തുകളുടെ കുടിശ്ശിക തുകയും ബന്ധപ്പെട്ട പഞ്ചായത്തുകളുടെ വികസന ഫണ്ടിൽ നിന്നും ഹഡ്കോയ്ക്ക് അടവാക്കേണ്ടതാണ്.

2. തൃശ്ശൂർ കോർപ്പറേഷനോട് കൂടി ചേർക്കപ്പെട്ട ഒല്ലൂർ ഗ്രാമപഞ്ചായത്ത് അടവാക്കേണ്ട തുക തൃശ്ശൂർ കോർപ്പറേഷന്റെ തനത്/വികസന ഫണ്ടിൽ നിന്നും തൃശ്ശൂർ കോർപ്പറേഷൻ ഹഡ്കോയ്ക്ക് അടവാക്കേണ്ടതുമാണ്.

3. കുന്നംകുളം മുനിസിപ്പാലിറ്റിയോട് കൂട്ടിച്ചേർക്കപ്പെട്ട അർത്താറ്റ് ഗ്രാമ പഞ്ചായത്ത് അടവാക്കേണ്ട തുക കുന്നംകുളം മുനിസിപ്പാലിറ്റിയുടെ തനത്/വികസന ഫണ്ടിൽ നിന്നും ഹഡ്കോയ്ക്ക് അടവാക്കേണ്ടതുമാണ്.

4. അനുബന്ധം (1) പ്രകാരമുള്ള പട്ടികയിലെ ബ്ലോക്ക് പഞ്ചായത്തുകൾ അടവാക്കേണ്ട തുക അതാത് ബ്ലോക്ക് പഞ്ചായത്തുകളുടെ തനത്/വികസനം ഫണ്ടിൽ നിന്നും, ടി തുക ഹഡ്കോയ്ക്ക് അടവാക്കേണ്ടതുമാണ്.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)
എ.കെ. മോഹനകുമാർ
ജോയിന്റ് സെക്രട്ടറി

പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം.
നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം.
ഡെപ്യൂട്ടി ജനറൽ മാനേജർ (ഫിനാൻസ്), ഹഡ്കോ, തിരുവനന്തപുരം.
ഗ്രാമവികസന കമ്മീഷണർ; തിരുവനന്തപുരം
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്/എ &ഇ)) കേരള, തിരുവനന്തപുരം.
അക്കൗണ്ടന്റ് ജനറൽ ( എൽ.ബി.എ &എ) കേരള, തിരുവനന്തപുരം.
തദ്ദേശ സ്വയംഭരണ (എഫ്.എം) വകുപ്പ്
സ്റ്റേറ്റ് പെർഫോർമൻസ് ഓഡിറ്റ് ഓഫീസർ, തിരുവനന്തപുരം
ജില്ലാ കളക്ടർ, തൃശ്ശൂർ
അസിസ്റ്റന്റ് ഡവലപ്പ്മെന്റ് കമ്മീഷണർ. തൃശ്ശൂർ
പ്രസിഡന്റ്/സെക്രട്ടറി. ജില്ലാ പഞ്ചായത്ത്. തൃശ്ശൂർ
ഡയറക്ടർ. കോസ്റ്റ്ഫോർഡ്, തൃശ്ശൂർ
എക്സിക്യൂട്ടീവ് ഡയറക്ടർ ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം (തദ്ദേശ സ്വയംഭരണ വകുപ്പിന്റെ വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി)
ബന്ധപ്പെട്ട ഗ്രാമ/ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറിമാർക്കും (തൃശ്ശൂർ പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ മുഖേന)
സെക്രട്ടറി, തൃശ്ശൂർ കോർപ്പറേഷൻ
സെക്രട്ടറി, കുന്നംകുളം നഗരസഭ.
കരുതൽ ഫയൽ/ ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ